## പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2337** — **19.07.2016 ൽ മറുപടിയ്ക്ക്**

### വിഷവിമുക്തമായ പച്ചക്കറികളും പഴവർഗ്ഗങ്ങളും ലഭ്യമാക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.റോഷി അഗസ്റ്റിൻ<br>ശ്രീ.മോൻസ് ജോസഫ്<br>ശ്രീ. സി.എഫ്.തോമസ്<br>ഡോ.എൻ. ജയരാജ് | ശ്രീ. വി.എസ്.സുനിൽ കുമാർ<br>(ബഹു.കൃഷി വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് വിഷവിമുക്തമായ പച്ചക്കറികളും പഴവർഗ്ഗങ്ങളും ലഭ്യമാക്കാൻ ഉതകുന്ന പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ; | (എ) സംസ്ഥാനത്ത് വിഷവിമുക്തമായ പച്ചക്കറികളും പഴവർഗ്ഗങ്ങളും ലഭ്യമാക്കാൻ ജൈവവളങ്ങളും ജൈവ കീടനാശിനികളും ഉപയോഗിച്ച് ജൈവ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>നല്ല കൃഷി രീതികൾ അവലംബിച്ച് കൃഷി ചെയ്യുന്ന, കുറഞ്ഞത് 15 മുതൽ 25 ഹെക്ടർ വരെ വിസ്തൃതിയുള്ള ക്ലസ്റ്ററുകൾക്ക് വിവിധ കാർഷിക പ്രവർത്തനങ്ങൾ, ജൈവവളങ്ങളുടെ ഉത്പാദനം തുടങ്ങി കൂട്ടായ പ്രവർത്തനങ്ങൾ നടത്തുന്നതിനായി 75,000/- രൂപ വീതം അനുവദിച്ചിട്ടുണ്ട്. സംസ്ഥാനത്തെ 146 ബ്ലോക്കുകൾ ഉൾപ്പെടുത്തി, ഓരോ ബ്ലോക്കിലും 2 ക്ലസ്റ്ററുകൾ വീതം രൂപീകരിച്ചു വരുന്നു. ചുരുങ്ങിയ ചെലവിൽ കർഷകർക്ക് തങ്ങളുടെ കൃഷിയിടത്തിൽ തന്നെ ജൈവവളങ്ങൾ ഉത്പാദിപ്പിക്കാം എന്ന സാദ്ധ്യത കണക്കിലെടുത്ത് മണ്ണിര കമ്പോസ്റ്റ് യൂണിറ്റുകളും റിങ്ങ് കമ്പോസ്റ്റ് യൂണിറ്റുകളും ആരംഭിച്ചു. ഒരു ബ്ലോക്കിന് 20 യൂണിറ്റുകൾ വീതം (10 മണ്ണിര കമ്പോസ്റ്റ് യൂണിറ്റുകൾ + 10 റിങ്ങ് കമ്പോസ്റ്റ് യൂണിറ്റുകൾ) ആരംഭിച്ചു വരുന്നു. റിങ്ങ് കമ്പോസ്റ്റ് യൂണിറ്റിന് 5000/- രൂപയും മണ്ണിര കമ്പോസ്റ്റ് യൂണിറ്റിന് 7500/- രൂപയും ധനസഹായം നൽകുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.<br>കേന്ദ്രസർക്കാരിന്റെ പദ്ധതിയായ പരമ്പരാഗത കൃഷി വികാസ് യോജന പദ്ധതിയിൻ കീഴിൽ കുറഞ്ഞത് 50 ഏക്കർ വിസ്തൃതിയുള്ള 119 ക്ലസ്റ്ററുകൾ രൂപീകരിച്ച് ജൈവവളങ്ങളുടേയും ജൈവ കീടനാശിനികളുടേയും ഉത്പാദനത്തിന് ധനസഹായം നൽകി ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (ബി) | കേരളത്തിൽ വില്പന നടത്തുന്നതിനായി അയൽ സംസ്ഥാനങ്ങളിലെ കൃഷിക്കാർ അമിത തോതിൽ നിരോധിത കീടനാശിനികൾ ഉപയോഗിച്ച് കൃഷി നടത്തി വരുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട് |
| (സി) | കേരളത്തിൽ ലഭ്യമായ തരിശുഭൂമിയും പുറമ്പോക്കുകളും ഉപയോഗപ്പെടുത്തി കുടുംബശ്രീ, സ്വയംസഹായക സംഘങ്ങൾ, മറ്റു സന്നദ്ധ സംഘടനകൾ എന്നിവയുടെ സഹായത്തോടെ സംസ്ഥാനത്തിന് ആവശ്യ മായ പഴങ്ങളും പച്ചക്കറികളും ഉല്പാദിപ്പിക്കു ന്നതിനുള്ള കർമ്മപദ്ധതികൾക്ക് രൂപം നൽകുമോയെന്ന് അറിയിക്കുമോ? | (സി) | സമഗ്ര പച്ചക്കറി മിഷന്റെ ഭാഗമായി കേരളത്തിലെ 50000 ഹെക്ടർ പ്രദേശത്ത് കൂടി ജൈവ പച്ചക്കറി കൃഷി വ്യാപിപ്പിക്കുന്നത് സംബന്ധിച്ച് താഴെപ്പറയുന്ന കാര്യങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് വിശദമായ ഒരു രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്.<br>കൃഷി വകുപ്പിന്റെ കീഴിലുള്ള ഫാമുകളിൽ 250 ഹെക്ടർ പ്രദേശത്ത് കർശനമായും നല്ല കൃഷി രീതികൾ അവലംബിക്കുക. ഫാമിന്റെ ചുമതല യുള്ള ഉദ്യോഗസ്ഥർ ഇത് ഉറപ്പുവരുത്തേണ്ട തുണ്ട്.<br>കൃഷി ഓഫീസർ തന്റെ പരിധിയിൽ വരുന്ന, കാർഷിക പ്രവർത്തനങ്ങൾക്ക് അനുയോജ്യ മായതും തരിശായി കിടക്കുന്നതുമായ പ്രദേശ ങ്ങൾ കണ്ടെത്തി നല്ല കൃഷി രീതികൾ അവലം ബിച്ചു കൊണ്ടുള്ള ജൈവപച്ചക്കറി ഉത്പാദന ത്തിന് വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ